(ഡി) കോടതിയുടെ അനുമതിയോടുകൂടി ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്താൻ സർക്കാർ ഉത്തരവ് നൽകിയിരുന്നു.

(ഇ) ഫർതർ ഇൻവെസ്റ്റിഗേഷൻ നടത്തുവാനുള്ള അനുവാദം കോഴിക്കോട് വിജിലൻസ് കോടതി നിരസിച്ചതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ മിസലേനിയസ് കേസിൽ (8745/2001) കോഴിക്കോട് വിജിലൻസ് കോടതിയുടെ ഉത്തരവ് ദർ ചെയ്യുകയും ഫർതർ ഇൻവെസ്റ്റിഗേഷൻ അനുവദിക്കുകയും ചെയ്തു.

(എഫ്) ഈ കേസിൽ കോടതിയിൽ സമർപ്പിക്കേണ്ട അഡീഷണൽ റിപ്പോർട്ട് തയ്യാറാക്കുവാൻ മുൻ അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. എം. പി. ദിനേശ് ഡിവൈ. എസ്. പി. യുടെ സേവനം ഒരാഴ്ചക്കാലത്തേക്ക് ലഭിക്കുന്നതിനുവേണ്ടി വിജിലൻസ് ഡയറക്ടർ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരുന്നു.

(ജി) രണ്ട് ഭാഗങ്ങളായാണ് അന്വേഷണം നടത്തുന്നത്. ഒന്നാം ഭാഗത്തിലെ ഫർതർ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. രണ്ടാം ഭാഗത്തിലെ അന്വേഷണം പൂർത്തിയായിട്ടില്ല.

ജി. സി. ഡി. എ. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

63 [3760] *ശ്രീ. പി. ടി. തോമസ്:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. സി. ഡി. എ. യിൽ ഉദ്യോഗം വഹിച്ചിരുന്നവരോ ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരോ ആയ ആരുടെയെല്ലാം പേരിലാണ് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ;

(സി) വിജിലൻസ് അന്വേഷണത്തിനാധാരമായ വസ്തുതകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ജി.സി.ഡി.എ.-യിൽ സെക്രട്ടറിയായി ഉദ്യോഗം വഹിച്ചിരുന്ന ശ്രീ. പി. എം. മുഹമ്മദ് അലി, ഇപ്പോഴത്തെ സെക്രട്ടറി ശ്രീ. സത്യരാജൻ എന്നിവർക്കെതിരെ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു. കൂടാതെ ജി.സി.ഡി.എ.-യുടെ മുൻ സെക്രട്ടറി ശ്രീ. പി. എം. മുഹമ്മദ് അലിക്കെതിരെ മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ബി) മേൽപ്പറഞ്ഞ രണ്ട് അന്വേഷണങ്ങളും പൂർത്തിയായിട്ടില്ല.

(സി) ജി.സി.ഡി.എ.-യുടെ വക സ്ഥലം 'എക്സൽ പ്രോപ്പർട്ടീസിന്' വിറ്റതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ളതാണ് ശ്രീ. പി. എം. മുഹമ്മദ് അലിക്കും ശ്രീ. സത്യരാജനും എതിരെയുള്ള അന്വേഷണത്തിന് ആധാരമായ

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം. തൃക്കാക്കര വില്ലേജിൽ ജി.സി.ഡി.എ.-യുടെ വക സ്ഥലം ഇസ്മയിൽ എന്നയാളിന് സെന്റിന് 20,000 രൂപ നിരക്കിൽ വില്പന നടത്തിയതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നു എന്നുള്ളതാണ് ശ്രീ. പി. എം. മുഹമ്മദ് അലിക്ക് എതിരെയുള്ള അന്വേഷണത്തിന് ആധാരമായ ആരോപണം.

സംസ്ഥാന ഹോമിയോ ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം

64 [3761] *ശ്രീ. പി. എസ്. സുപാൽ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോമിയോ ഡയറക്ടർ ഡോക്ടർ കെ. എം. ബോബിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; ആരാണ് അന്വേഷണത്തിന് നേതൃത്വം നൽകുന്നത്;

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഇപ്പോൾ അന്വേഷണം മന്ദഗതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ദക്ഷിണമേഖലാ യൂണിറ്റാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്.

(ബി) സർക്കാരിന് ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത്.

(സി) ഇല്ല.

(ഡി) അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് വിജിലൻസ് ഡയറക്ടർ നൽകിയിട്ടുണ്ട്.

സ്ത്രീ തടവുകാർക്കായി പ്രത്യേക ജയിലുകൾ

65 [3762] *ശ്രീ. കെ. സി. ജോസഫ്:*
,, എം. മുരളി:
,, വി. ജെ. പൗലോസ്:
ഡോ. എം. എ. കുട്ടപ്പൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീ തടവുകാർക്ക് മാന്യമായ ജയിൽ ജീവിതം നയിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ ചെയ്തിട്ടുണ്ട്; സ്ത്രീകൾക്കുവേണ്ടി പ്രത്യേകം ജയിലുകളുണ്ടാക്കുന്നതിനും അവരെ നോക്കുന്നതിന് സ്ത്രീകളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly